LIBRARY ARCHIVES Kerala Legislative Assembly

ചടയമംഗലം നിയോജക മണ്ഡലത്തിലെ പദ്ധതികൾ

266(1337) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം നിയോജക മണ്ഡലത്തിൽ 2011 മേയ് മാസം മുതൽ അനുവദിച്ചിട്ടുള്ള പാലം, കെട്ടിടം, റോഡുവികസനം തുടങ്ങിയ പദ്ധതികളുടെയും അവയ്ക്കായി അനുവദിച്ചിട്ടുള്ള തുകകളുടേയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ചടയമംഗലം നിയോജക മണ്ഡലത്തിൽ 2011 മേയ് മാസം അനുവദിച്ചിട്ടുള്ള പാലം, കെട്ടിടം, റോഡുവികസനം തുടങ്ങിയ പദ്ധതികളുടെയും അവയ്ക്കായി അനുവദിച്ചിട്ടുള്ള തുകകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പൈങ്കുളം റെയിൽവേ മേൽപ്പാല നിർമ്മാണം

267(1338) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ പൈങ്കുളം റെയിൽവേ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് പറയാമോ;

(ബി) റെയിൽവേയുടെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തി മേൽപ്പാലം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചതിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ചേലക്കര നിയോജകമണ്ഡലത്തിലെ പൈങ്കുളം റെയിൽവേ ഗേറ്റ് (ലെവൽ ക്രോസ് നമ്പർ 7)-ലെ ട്രെയിൻ വെഹിക്കിൾ യൂണിറ്റ് 1 ലക്ഷത്തിൽ കൂടുതലായതിനാൽ അവിടെ ഒരു മേൽപ്പാലം നിർമ്മിക്കുന്ന പ്രവൃത്തി റെയിൽവേയുടെ വർക്ക് പ്രോഗ്രാമിന് ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ സർക്കാർ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്